⇨ *എന്നാലിന്നും എന്റെ നാട്ടിൽ ഏറ്റവും കൂടുതൽ രാസവളമുപയോഗിക്കുന്ന വ്യക്തിയാണദ്ദേഹം* ⇨

കർഷകനും പാടശേഖര സമിതി സെക്രട്ടറിയുമായ

### സജീവൻ

# ലാഭചിന്തയാണ് മാറേണ്ടത്

**എന്റെ** നാട്ടിലെ പാടശേഖര സമിതിയിലുള്ള പലർക്കും 2008ലെ നിയമത്തെ കുറിച്ചോ 2018 ലെ ഭേദഗതിയെ കുറിച്ചോ യാതൊരു അറിവുമില്ല. സ്വന്തം നാട്ടിലുള്ളവർക്കെങ്കിലും നല്ല ക്ഷണം കഴിക്കാനുള്ള അവസ്ഥയുണ്ടാകണം എന്നു മാത്രമാണ് ഞങ്ങൾ ചിന്തിക്കുന്നത്. നെൽവയലുകൾ മണ്ണിട്ടു നികത്തി വികസനാവശ്യങ്ങൾ നടത്തുന്ന പ്രവണത കൂടിവരികയാണ്. ഇത്തരം വികസനപ്രവർത്തനങ്ങൾ പ്രദേശത്തെ നീർച്ചാലുകളെയാണ് ഇല്ലാതാക്കുന്നത്. കുടിവെള്ളക്ഷാമത്തിന് വരെ ഇത് കാരണായിത്തീരുന്നു. നെൽവയലിനെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ തരംമാറ്റികൊണ്ട് കൂടുതൽ ലാഭമുണ്ടാക്കുക എന്നതാണ് നിലവിലെ വികസനത്തിന്റെ ചിന്ത. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ കുറഞ്ഞ രീതിയിലെങ്കിലും നെൽവയലുകൾ സംരക്ഷിക്കപ്പെട്ടിരുന്നു. ചെറു സംഘങ്ങളുടെ മുൻകയ്യിൽ നടന്ന പ്രതിരോധങ്ങൾ വിജയം കണ്ടിട്ടുണ്ട്. നിയമത്തിന്റെ സാധ്യതകൾ ഉപയോഗിച്ച് ഞങ്ങളുടെ പ്രദേശത്തുള്ള കുറച്ച് നെൽവയലുകൾ സംരക്ഷിച്ചവരായിരുന്നു ഞങ്ങൾ. ഈ ഭേദഗതി അത്തരം ജനകീയ ശ്രമങ്ങളെ ദുർബലപ്പെടുത്തുകയാണ്. വികസനത്തിന്റെ പേരിൽ വയൽ നികത്തുന്നവർക്ക് ധൈര്യവും ഊർജ്ജവും നൽകുന്ന ഭേദഗതിയാണിത്. ഞങ്ങളെപോലെയുള്ള കർഷകരെയൊക്കെ വികസനവിരുദ്ധരായി ചിത്രീകരിക്കപ്പെടും. നെൽവയൽ, നീർത്തടങ്ങളെല്ലാം ജലമാണ് അടിസ്ഥാനപരമായി സംരക്ഷിക്കുന്നത്. ജലസംരക്ഷണ പ്രവർത്തനത്തിലേർപ്പെടുന്ന പോരാളികളാണ് കർഷകർ. ഭൂരിഭാഗം കർഷകരും പാരമ്പര്യ കർഷകരാണ്. നിലനിൽക്കണമെന്ന ആഗ്രഹത്തോടെ മാത്രം കൃഷി തുടരുന്നവർ. ലാഭം മോഹിച്ചാണ് പുതിയ തലമുറയിലുള്ളവർ കൃഷിയിലേക്ക് വരുന്നത്. അതില്ലാതാവുമ്പോൾ അവർ കൃഷിഭൂമി വിൽക്കുന്നു. ഈ കാഴ്ചപ്പാട് മാറുന്നതിനുള്ള ശ്രമമാണ് വേണ്ടത്. ■

കർഷകനും പാടശേഖര സമിതി സെക്രട്ടറിയുമായ

### കെ.ബി. സന്തോഷ്

# സാമ്പത്തികഭദ്രത ഉറപ്പുവരുത്തണം

**വയൽ** നികത്തൽ, നിയമം വന്നതുകൊണ്ടൊന്നും കുറഞ്ഞിട്ടില്ല. 2008ലെ നിയമം വന്നതിന് ശേഷവും എന്റെ പ്രദേശത്തെല്ലാം വയൽ നികത്തൽ വ്യാപകമായി നടന്നിട്ടുണ്ട്. തരിശുകിടക്കുന്ന ഭൂമി പാടശേഖരത്തിന് കിട്ടുമെന്നാണ് സർക്കാർ പറഞ്ഞിരുന്നത്. അതും നടക്കുന്നതായി കാണുന്നില്ല. അഞ്ച് ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നയാളാണ് ഞാൻ. അഞ്ച് ഏക്കറിൽ കൃഷി ചെയ്യുമ്പോൾ ഞാൻ 50,000 പേർക്കുള്ള ഭക്ഷണമാണ് ഉണ്ടാക്കുന്നത്. ഒരു ഏക്കറിൽ നിന്ന് 10,000 പേർക്കുള്ള ഭക്ഷണം ലഭിക്കുന്നു. കുടിവെള്ള സംരക്ഷണം, ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തൽ എന്നിവയാണ് ഒരു കർഷകൻ നിറവേറ്റുന്ന മറ്റ് ദൗത്യങ്ങൾ. ഈ പാരിസ്ഥിതിക ബോധ്യത്തോടെ കൃഷി ചെയ്യുന്നവരായിരിക്കണം കർഷകൻ. സാമൂഹ്യപ്രതിബദ്ധതയുള്ള ഒരാളെന്ന നിലയിൽ കൃഷി ചെയ്യുന്നതിലൂടെ ഞാൻ ഒരു പ്രദേശത്തിന്തന്നെ കുടിവെള്ളം ഉറപ്പുവരുത്തുകയാണ്. എന്നാൽ ലാഭവും നഷ്ടവും നോക്കി കൃഷി ചെയ്യുന്നവരാണ് ഭൂരിപക്ഷവും. കർഷകനായി ജീവിക്കണമെങ്കിൽ ലാഭം അത്യാവശ്യവുമാണ്. മറ്റു വരുമാനമില്ലാത്തതിനാൽ കൃഷിയിലൂടെ ജീവിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായാൽ കൃഷി ഉപേക്ഷിക്കേണ്ടി വരും. വരുമാനമുണ്ടാകുന്നതും ലാഭമുണ്ടാക്കുന്നതും രണ്ടും രണ്ടാണ്. രാസവളം ഉപയോഗിച്ച് കൂടുതൽ ലാഭം നേടാനാണ് മിക്കവരും ശ്രമിക്കുന്നത്. മണ്ണിലെ ജൈവാംശം തന്നെ നഷ്ടപ്പെട്ടിരിക്കുന്നു. ജൈവകൃഷി ചെയ്ത് വിജയിച്ച് കാണിച്ചിട്ടുപോലും രാസകൃഷിയാണ് കൂടുതൽ പ്രോത്സാഹിപ്പിക്കപ്പെടുന്നത്. എന്റെ നാട്ടിൽ റപ്പായി എന്നൊരു കർഷകനുണ്ട്. 35 വർഷങ്ങൾക്ക് മുമ്പ് എൻറിൻ എന്ന രാസമരുന്നുപയോഗിച്ചതിന്റെ ഭാഗമായി രണ്ടു മൂന്നു ദിവസം അബോധാവസ്ഥയിലായിരുന്നു അദ്ദേഹം. അസുഖത്തിൽ നിന്നും കരകയറാൻ അനവധി ദിവസങ്ങൾ വേണ്ടിവന്നു. എന്നാലിന്നും എന്റെ നാട്ടിൽ ഏറ്റവും കൂടുതൽ രാസവളമുപയോഗിക്കുന്ന വ്യക്തിയാണദ്ദേഹം.

കൃഷിയിടങ്ങളിൽ മരുന്നടിക്കാനും വിത്തുവിതറാനും ട്രാക്ടർ ഉപയോഗിക്കുന്നതിനുമുള്ള സൗകര്യങ്ങൾ കൃഷിവകുപ്പ് യ്യെന്നുണ്ട് എന്നതുശരിതന്നെ. എന്നാൽ കർഷകർക്ക് സ്ഥിരവരുമാനമെന്ന നിലയിലുള്ള സാമ്പത്തികസഹായം ചെയ്തുതരാനാണ് സർക്കാർ ശ്രമിക്കേണ്ടത്. സാമ്പത്തിക ഭദ്രതയുള്ള മേഖലയാണ് കൃഷി എന്ന ഉറപ്പ് ജനങ്ങൾക്ക് നൽകണം. ■